**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6009** **25-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വെള്ളയിൽ ഹാർബർ വികസനത്തിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെള്ളയിൽ ഹാർബർ വികസനത്തിന് ഏതെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വെള്ളയിൽ ഹാർബറിന്റെ വികസനത്തിനായി ലോ ലെവൽ ജെട്ടി, വാർഫ്, ഡ്രെഡ്ജിങ്, നെറ്റ് മെൻഡിങ് ഷെഡ്, പാർക്കിംഗ് ഏരിയ, ടോയ്ലറ്റ് ബ്ലോക്ക് , കോമ്പൗണ്ട് വാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നബാർഡ് XXXVII പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | വെള്ളയിൽ ഹാർബറുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികൾക്ക് പൊതുവായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വള്ളങ്ങൾ പുതുക്കി FRP വള്ളവും, വലയും, എഞ്ചിനും നൽകുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് വഴി നടപ്പാക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് മത്സ്യബന്ധനവകുപ്പ് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പാക്കി വരുന്നു.<br><br>മരത്തടിയിൽ നിർമ്മിച്ച പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾ സ്റ്റീൽ നിർമ്മിത യാനങ്ങളാക്കി നവീകരിക്കുന്നതിനുള്ള പദ്ധതി, മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡിയോടെ FRP വള്ളവും മത്സ്യബന്ധന ഉപകരണങ്ങളും വിതരണം ചെയ്യുന്ന പദ്ധതി, മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG, ഡീസൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ വ്യാപകമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ, മത്സ്യത്തൊഴിലാളികൾക്ക് ചൂണ്ടയും നൂലും നൽകുന്ന പദ്ധതികൾ തുടങ്ങിയ നിരവധി പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വെള്ളയിൽ ഹാർബർ അടിസ്ഥാന സൗകര്യങ്ങൾ സാദ്ധ്യമാക്കിയതോട് കൂടി മത്സ്യബന്ധനയാനങ്ങൾ കരയ്ക്കടുപ്പിച്ച് വിപണനം ചെയ്യുന്നതിന് അനുയോജ്യമായ അന്തരീക്ഷം സംജാതമാകുകയും ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുണ്ട്.<br><br>മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന തൊഴിലന്വേഷകർക്ക് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിയാണ് തൊഴിൽതീരം. പ്രസ്തുത പദ്ധതിയിലൂടെ യുവജനതയെ തൊഴിൽ സജ്ജരാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ